അറിയുന്നു. പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് എതിർ സത്യവാങ്മൂലം നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് നൽകിയിട്ടുണ്ട്. ടി കേസിന്റെ അടുത്ത ഹിയറിംഗ് 2010 ജൂലൈ അവസാനത്തേയ്ക്ക് വെച്ചിട്ടുണ്ട് എന്ന് അറിയുന്നു.

(ജി) ആർ.ഡി.ഒ. നൽകിയ ഉത്തരവ് നിലവിലുണ്ട്. പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രസ്തുത ഭൂമി 2-6-2000-മുതൽ സർക്കാരിൽ നിക്ഷിപ്തമാണ്. ഈ ഭൂമി ഇപ്പോഴും സർക്കാരിന്റെ ഉടമസ്ഥതയിലാണ്. എന്നാൽ ബഹു. ഹൈക്കോടതിയുടെ 4-10-2007 ലെ ഡബ്ല്യു.പി.(സി) 27821/07 നമ്പർ കേസിലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം ഒഴിഞ്ഞുപോകാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നൽകിയ നോട്ടീസ് സ്റ്റേ ചെയ്തിരിക്കുന്നതിനാൽ എസ്റ്റേറ്റ് ഭൂമി ഇപ്പോൾ മെ.സതേൺ ഫീൽഡ് വെഞ്ചേഴ്സിന്റെ കൈവശമാണ്.

സർക്കാർ തരിശ്ഭൂമികൾ, കനാൽ സൈഡുകൾ തുടങ്ങിയ സ്ഥലങ്ങളിലെ വനവൽക്കരണം

127 (4480) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ സർക്കാർ തരിശുഭൂമികൾ, കനാൽ സൈഡുകൾ, റോഡ് റെയിൽപ്പാതകളുടെ ഇരുവശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ എന്തെല്ലാം വനവൽക്കരണ പരിപാടികളാണ് നടത്തിവരുന്നത് ; ഇനി എന്തെല്ലാം പദ്ധതികളാണ് നടത്താനുദ്ദേശിക്കുന്നത് ആയത് വിശദമാക്കുമോ ?

ഉത്തരം

വനം വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും സംയുക്ത സംരംഭമായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഹരിതകേരളം. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പഞ്ചായത്തുകളിൽ ലഭ്യമായ ഉപയോഗപ്പെടുത്താതെ കിടക്കുന്ന പഞ്ചായത്തുവക സ്ഥലങ്ങൾ, കമ്മ്യൂണിറ്റി സ്ഥലങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥലങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്ഥലങ്ങൾ, സർക്കാർ-സർക്കാരേതര ഭൂമി, നദി-പുഴ, തോട്, തടാകം എന്നിവയുടെ കരകൾ പാതയോരങ്ങൾ, റെയിൽപ്പാതയോരങ്ങൾ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഈ പദ്ധതിപ്രകാരം വൃക്ഷവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഹരിതകേരളം രണ്ടാം ഘട്ടത്തിലും (2010-2011) ഈ പരിപാടി തുടർന്ന് വരുന്നു. രണ്ടാം ഘട്ടത്തിൽ കൂടുതൽ ജനപങ്കാളിത്തത്തോടുകൂടി പ്രത്യേകിച്ച് യുവജനങ്ങളേയും ഇളംതലമുറയിൽപ്പെട്ടവരെയും പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ പരിപാടിയായി ഈ പദ്ധതി തുടർന്ന് വരുന്നു. ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ സ്ഥലങ്ങൾക്കുപുറമേ വീട്ടുവളപ്പുകൾ ഉൾപ്പെടെയുള്ള സ്വകാര്യ ഭൂമികളിലുംകൂടി ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ വൃക്ഷവത്ക്കരണം നടത്തുന്നുണ്ട്. 70 ലക്ഷം വൃക്ഷത്തൈകളാണ് രണ്ടാം ഘട്ടത്തിൽ നട്ടുപിടിപ്പിക്കുന്നതിനായി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly